**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2469** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പളവും വിരമിച്ച ജീവനക്കാരുടെ പെൻഷനും കൃത്യമായ ദിനത്തിൽ തന്നെ വിതരണം ചെയ്ത് വരുന്നുണ്ടോ; | (എ) | സർക്കാർ ജീവനക്കാരുടെ ശമ്പളവും വിരമിച്ച ജീവനക്കാരുടെ പെൻഷനും കൃത്യമായി വിതരണം ചെയ്ത് വരുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും വിരമിച്ച ജീവനക്കാരുടെ പെൻഷനും കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരിമൂലം കഴിഞ്ഞ രണ്ട് വർഷക്കാലമായി കോർപ്പറേഷൻ ചരിത്രത്തിൽ നാളിതുവരെ അഭിമുഖീകരിക്കാത്ത തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കോവിഡിനെ തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി നിമിത്തം 2020 മാർച്ച് മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ പൂർണ്ണമായും, 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെ ഭാഗികമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് ജീവനക്കാ രുടെ ശമ്പളം വിതരണം ചെയ്തുകൊണ്ടിരി ക്കുന്നത്. ഈ ഇനത്തിൽ 2020 മാർച്ച് മാസം മുതൽ നാളിതുവരെ 1831.67 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാ രുടെ ശമ്പള പരിഷ്കരണം 01/2022 മുതൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ശമ്പള വിതരണത്തിനായി ആവശ്യമുള്ള തുകയായ 96 കോടി രൂപ സ്വന്തം വരുമാനത്തിൽ നിന്നും കണ്ടെത്താൻ കഴിയാത്തവിധം സാമ്പത്തിക പ്രതിസന്ധിയിൽ ആയതിനാൽ സർക്കാർ ധനസഹായം കൂടി ലഭ്യമാക്കിയാണ് ശമ്പള വിതരണം നടത്തി വരുന്നത്. ഈ പ്രതിസന്ധി മറികടക്കുന്നതിനായി വരുമാനം വർദ്ധിപ്പിക്കുന്ന തിനുള്ള വിവിധ പദ്ധതികൾ കെ.എസ്.ആർ. ടി.സി. ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധി ക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പളം കാലതാമസ മില്ലാതെ കെ.എസ്.ആർ.ടി.സി.യിൽ നിന്നു തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് സ്വന്തം വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയ്യെടുത്ത് കെ.എസ്.ആർ. ടി.സി.യിലെ പെൻഷൻ വിതരണം 2018 ഫെബ്രുവരി മാസം മുതൽ സഹകരണ ബാങ്കുളുടെ കൺസോർഷ്യം രൂപീകരിച്ച് മുടക്കം കൂടാതെ വിതരണം ചെയ്തുവരികയാണ്. ഇത്തരത്തിൽ ലഭ്യമാക്കുന്ന പെൻഷൻ തുക പലിശ ഉൾപ്പെടെ സർക്കാർ തന്നെയാണ് ആറുമാസത്തിനകം സഹകരണ ബാങ്കുകൾക്ക് മടക്കി നൽകുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി വിതരണം ചെയ്യുന്ന പെൻഷൻ സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തിയാക്കാനെടുക്കുന്ന കാലതാമസം മൂലമാ ണ് മാസം ആദ്യം വിതരണം ചെയ്യാൻ സാധിക്കാത്തത്. നിലവിൽ 2022 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ തുക മുടക്കം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാരുടെ പെൻഷൻ കൃത്യമായി നൽകുന്ന കാര്യത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | കടുത്ത പ്രതിസന്ധിയെത്തുടർന്ന് കോർപ്പറേഷന് സ്വന്തം വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻ-കൈയ്യെടുത്ത് കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം 2018 ഫെബ്രുവരിമാസം മുതൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് മുടക്കം കൂടാതെ വിതരണം ചെയ്തുവരികയാണ്. ഇത്തരത്തിൽ ലഭ്യമാക്കുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെയാണ് ആറുമാസത്തിനകം സഹകരണ ബാങ്കുകൾക്ക്മടക്കി നൽകുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി വിതരണം ചെയ്യുന്ന പെൻഷൻ സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തി യാക്കാനെടുക്കുന്ന കാലതാമസം മൂലമാണ് മാസം ആദ്യം പെൻഷൻ വിതരണം ചെയ്യാൻ സാധിക്കാത്തത്. നിലവിൽ 2022 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ തുക മുടക്കം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും എല്ലാവർക്കും പെൻഷൻ എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പെൻഷനിലെ ഉയർന്ന തുകയിൽ സീലിംഗ് ഏർപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;<br>വെളിപ്പെടുത്താമോ? | (ഡി) | പെൻഷനിലെ ഉയർന്ന തുകയിൽ സീലിംഗ് ഏർപ്പെടുത്തുന്നതിന് നിലവിൽ സർക്കാർ ആലോചിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ